# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3074** — **20.6.2014-ൽ മറുപടിക്ക്**

**ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | ശുചിത്വമിഷൻ നടത്തുവാനുദ്ദേശിക്കുന്ന തീവ്രവിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കുമോ; | എ) | ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും നിലവിലെ മാലിന്യം സംസ്കരിക്കുന്നതിനും വേണ്ടി ആബാലവൃദ്ധജനങ്ങൾക്കും ഉപയുക്തമാകത്തക്ക രീതിയിൽ വിവിധ തരത്തിലുള്ള മാധ്യമങ്ങളിലൂടെയും, വീടുവീടാന്തരമുള്ള പ്രവർത്തനങ്ങളിലുടെയും, സംസ്ഥാനതലം മുതൽ പഞ്ചായത്ത് വാർഡ് തലം വരെ നീളുന്ന ആഴത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും, ശാസ്ത്രീയ മാലിന്യ സംസ്കരണ ഉപാധികളിലൂടെയും മാലിന്യ പ്രശ്നത്തിന് പരിഹാരമാണ് തീവ്രവിവരവിജ്ഞാന പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമാക്കുന്നത്. |
| ബി) | വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഈ പരിപാടിയിലൂടെ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ? | ബി) | സ്കൂൾ, കോളേജ് തലത്തിൽ പ്രവർത്തിക്കുന്ന എൻ.എസ്.എസ്, എൻ.സി.സി, സ്കൗട്ട്സ് ആന്റ് ഗൈഡ്സ്, എസ്.പി.സി തുടങ്ങിയ നിരവധി സംഘടനകളുടെ സഹായത്തോടുകൂടി ജില്ലാ ശുചിത്വമിഷനുകൾ വഴി മാലിന്യസംസ്കരണ, ശുചിത്വ, ആരോഗ്യ പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കുന്നതിനും പ്രസ്തുത പ്രവർത്തനം വഴി ശുചിത്വ സന്ദേശങ്ങൾ സ്കൂൾ, കോളേജുകൾ വഴി വീടുകളിലേയ്ക്കും വീടുകളിൽ നിന്നും സമൂഹത്തിലേയ്ക്കും വ്യാപിപ്പിക്കുക എന്നതുമാണ് ലക്ഷ്യം. |

സെക്ഷൻ ഓഫീസർ